ഇരുപ്പുകൃഷി

*൭൦൧. (൩൫) ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം, തോട്ടപ്പള്ളി മുതലായ കരിനിലങ്ങളിൽ ഇരുപ്പുകൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ ഫലം എന്താണ്; അതിനു് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിൻറെ സ്വഭാവം എന്തു്?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കരിനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിലേക്കുവേണ്ട പരീക്ഷണങ്ങൾ നടത്തുന്നതിനു ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹം ആദ്യമായി ഇരുപ്പുകൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ഇപ്പോൾ പരീക്ഷണങ്ങൾ നടത്തിവരികയാണു്. ആ ശ്രമം വിജയകരമായിത്തീരുമ്പോൾ ഇരുപ്പുകൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി അന്വേഷണങ്ങൾ ആരംഭിക്കുന്നതായിരിക്കും.

(ബി) ഇതുവരെ നടത്തിയ പരീക്ഷണങ്ങൾ വളരെ പ്രോത്സാഹജനകമാണു്. പദ്ധതി തയ്യാറാക്കിവരികയാണു്.

Sri. A. Chidambaranatha Nadar: May I know the name of that Officer?

Sri. T. K. Narayana Pillai: His name is Mr. Subramony.

ENCROACHMENTS

***702.** [37] †**Sri. M. Varki:** Will the Hon'ble Minister for Finance and Revenue be pleased to state:

(*a*) whether through representations or otherwise Government have come to know of any encroachments on public grazing grounds in Assamannur, Vengoor and Mazhuvannur pakuthies of Kunnathunad taluk; and

(*b*) what steps have been taken in the matter by the department concerned?

Minister for Finance, Law and Revenue **(Sri. A. J. John):** (*a*) Yes. Government have come to know of it.

(*b*) Action under the Land Conservancy Act is being taken.

നെല്ലെടുപ്പു്

*൭൦൨. (൩൬) സാഹിബ്ബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫെ൪-ലും, ഫെ൩-ലും ഏകദേശം എക്കറിനു എത്ര പറ നെല്ലു വീതം എന്ന അടിസ്ഥാനത്തിലാണു ഗവണ്മെൻറിലേക്കു കൃഷിക്കാരിൽനിന്നും നെല്ലെടുത്തിട്ടുള്ളതു്;

(ബി) കെ. പി. സി. സി. പ്രസിഡൻറ് മി. കുമ്പളത്തു ശങ്കുപ്പിള്ളയ്ക്കു് ജന്മമുള്ളതും അല്ലാത്തതുമായ എത്ര ഏക്കർനിലം കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി ഈ താലൂക്കുകളിലായി കൈവശമുണ്ടെന്നു പറയുമോ;

†The question was put by Sri. N. P. Varghese, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly